**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : *42** — **11.12.2012 ലെ മറുപടിക്ക്**

## ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. എ.റ്റി.ജോർജ്<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഫാർമേഴ്സ് സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേരളത്തിലെ കർഷകരെ പ്രോത്സാഹിപ്പിച്ച കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 40 ബ്ലോക്കുകളിലെ 40 സർവ്വീസ് സെന്ററുകളെ ഇതിലേക്കായി തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ബി) ബ്ലോക്ക് പഞ്ചായത്ത് തലത്തിലെ കാർഷിക മേഖലയിലെ എല്ലാവിധ കാർഷിക പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നല്ലയിനം വിത്ത്, വളം മറ്റ് അനുബന്ധ കാര്യങ്ങൾ എന്നിവ വിതരണം ചെയ്യുകയും കൃഷി ആവശ്യത്തിനുള്ള മിഷിനറികൾ വാടകയ്ക്ക് നൽകുകയും കാർഷികമേഖലയിലെ സകല പ്രവർത്തനങ്ങളെപ്പറ്റിയും അറിവ് നൽകുകയും സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യുകയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) കർഷകർക്ക് കൃത്യ സമയത്ത് വിത്തും വളവും ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ സെന്ററുകളിൽ ഒരുക്കിയിട്ടുള്ളത് ; | (സി) ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി കർഷകർക്ക് ഗുണമേന്മയുള്ള വിത്തും വളവും കീടനാശിനികളും ലഭ്യമാക്കുന്നതിനു കാർഷിക സർവ്വകലാശാലകൾ സീഡ് ഫാമുകൾ, ദേശീയ സീഡ് കോർപ്പറേഷൻ IFFCO, KRIBCO തുടങ്ങിയവ മുഖേന വിത്തുകളും വളങ്ങളും ലഭ്യമാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. |